പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2390 — 12-02-2020 ൽ മറുപടിക്ക്

## കെൽട്രോൺ ഉത്പാദിപ്പിക്കുന്ന ഹിയറിംഗ് എയ്ഡ്

| ചോദ്യം<br>ശ്രീ. കെ.ദാസൻ | ഉത്തരം<br>ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ നന്തി യൂണിറ്റ് ഉത്പാദിപ്പിക്കുന്ന ഹിയറിംഗ് എയ്ഡ് ഉത്പന്നം മാർക്കറ്റ് ചെയ്യാൻ വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) കെൽട്രോൺ നിർമിച്ച ശ്രവണ ഡിജിറ്റൽ പ്രോഗ്രാമ്മബിൾ ഹിയറിങ്ങ് എയ്ഡ്കൾ തിരുവനന്തപുരം കെൽട്രോൺ ഹൗസിൽ വെച്ച് 2018 ജൂൺ മാസത്തിൽ ഔദ്യോഗികമായി പൊതുവിപണിയിൽ ഇറക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സമഗ്രശിക്ഷ കേരള എന്നിവ മുഖേന ഹിയറിംഗ് എയ്ഡുകളുടെ നിരവധി ഓർഡറുകൾ കെൽട്രോണിന് ലഭിക്കുകയും അതിലൂടെ ഹിയറിംഗ് എയ്ഡുകളുടെ മാർക്കറ്റ് സാധ്യത വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. |
| ബി) സർക്കാരിന്റെ വിവിധ വകുപ്പുകൾ വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കുന്ന കേൾവി സംബന്ധിച്ച കാര്യങ്ങളിൽ ഈ ഹിയറിംഗ് എയ്ഡുകൾ ടെണ്ടർ നടപടികളില്ലാതെ പർച്ചേസ് ചെയ്യാൻ വ്യവസായ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | ബി യും സി യും) ടെൻഡർ നടപടികൾ കൂടാതെ കെൽട്രോൺ നിർമിക്കുന്ന ഹിയറിങ്ങ് എയ്ഡ്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങിക്കുന്നതിനായി 11/06/2018 ലെ (സ.ഉ (സാധാ) നം.1581/2018/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>എല്ലാ സർക്കാർ അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കെൽട്രോൺ നിർമ്മിക്കുന്ന ഹിയറിങ്ങ് എയ്ഡ്കൾ ടെൻഡർ നടപടികൾ കൂടാതെ വാങ്ങിക്കുന്നതിനായി സ്റ്റോർ പർചേസ് വകുപ്പിൽ നിന്നും 01/06/2019 ലെ സ.ഉ (സാധാ) നം.15/2019/എസ് പി ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) കൂടുതൽ സർക്കാർ വകുപ്പുകൾ, ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ഹിയറിംഗ് എയ്ഡുകൾ ഈ സ്ഥാപനത്തിൽ നിന്നും പർച്ചേസ് ചെയ്യുന്നതിന് പ്രത്യേക ഇളവ് അനുമതികൾ ലഭ്യമാക്കാൻ വകുപ്പ് മുൻകൈയെടുക്കുമോ എന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ